(സി) 2,05,90,500 രൂപ

(ഡി)&(ഇ) പത്ത് വർഷത്തിലധികമായി റീ-ടാറിംഗ് നടത്താത്ത റോഡുകൾ ഒന്നും തന്നെ ചടയമംഗലം റോഡ്സ് സെക്ഷന്റെ കീഴിൽ ഇല്ല.

164 (1386) റാന്നി റസ്റ്റ് ഹൗസിന്റെ അനക്സ് നിർമ്മിക്കാൻ പദ്ധതി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിനോടനുബന്ധിച്ച് അനക്സ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തു തുക;

(ഡി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) നിർമ്മാണം ആരംഭിക്കുവാൻ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്)ടെൻഡർ നടപടി നടത്താൻ വൈകുന്നത് ഏതെങ്കിലും ഓഫീസിലെ അനാസ്ഥ കൊണ്ടാണോ;

(ജി) ഉദ്ദേശം എത്ര കാലത്തിനുള്ളിൽ ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) 3 ലക്ഷം രൂപ.

(ഡി)&(ഇ) ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് ഉണ്ടാക്കി പണി ടെൻഡർ ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) അല്ല.

(ജി) മൂന്ന് മാസത്തിനുള്ളിൽ ടെൻഡർ ചെയ്ത് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

165 (1387) റസ്റ്റ് ഹൗസ് നിർമ്മാണം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുണ്ടംകുഴിയിൽ പൊതുമരാമത്ത് വക റസ്റ്റ് ഹൗസ് നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly